ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.10.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ന്യൂഡൽഹിയിലെത്തിയ മാൽദീവ്സ് പ്രസിഡൻറ് മുഹമ്മദ് മുയിസു ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തും.

   **Maldives President Dr Mohamed Muizzu arrives in New Delhi on a five day state visit; Maldives President to meet Prime Minister Narendra Modi today.**

2. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് നക്സൽ ബാധിത സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ യോഗം ചേരും.

   **A meeting of Chief Ministers of Naxal affected states will be held today under the leadership of Union Home Minister Amit Shah.**

3. പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം ഇന്ന് തുടരും ; 2024 ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ ഭേദഗതി ബിൽ സഭയിൽ അവതരിപ്പിക്കും.

   **The twelfth session of the 15th Kerala Legislative Assembly will continue today; Kerala Public Service Commission Amendment Bill, 2024 will be taken up for consideration in Assembly.**

4. സെപ്റ്റംബറിൽ ഇന്ത്യൻ ഓഹരി വിപണികളിൽ എത്തിയത് 57,000 കോടി രൂപയുടെ വിദേശ നിക്ഷേപം ; കഴിഞ്ഞ 9 മാസത്തിനിടയിലെ ഏറ്റവും ഉയർന്ന നിക്ഷേപമാണിത്.

   **Foreign investors pump in over 57,000 crore rupees into Indian equities markets in September, highest in last 9 months.**

5. ഇസ്രായേൽ-ലെബനൻ അതിർത്തിയിൽ സംഘർഷം രൂക്ഷം; ഗസയിലും പ്രതിരോധം ശക്തമാക്കി ഇസ്രായേൽ.

**Conflict escalates on Israel-Lebanon border; Israel remains on high alert in Gaza.**

6. പുരുഷ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ബംഗ്ലാദേശിനെതിരെ ഇന്ത്യക്ക് ഏഴ് വിക്കറ്റ് ജയം.

**India beat Bangladesh by seven wickets in the first match of the men's Twenty-20 cricket series.**

*********************************

## MALDIVES PRESIDENT

അഞ്ചു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ഇന്നലെ ന്യൂഡൽഹിയിലെത്തിയ മാൽദീവ്സ് പ്രസിഡന്റ് മൊഹമ്മദ് മുയിസു ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി ബന്ധം സംബന്ധിച്ചും പ്രാദേശിക, അന്താരാഷ്ട്ര വിഷയങ്ങളിലും ചർച്ചകൾ നടക്കും. കൂടിക്കാഴ്ചയ്ക്ക് ശേഷം ഇരുരാജ്യങ്ങളും തമ്മിൽ നിരവധി കരാറുകളിൽ ഒപ്പുവെക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാൽദീവ്സ് പ്രസിഡന്റിന് രാഷ്ട്രപതി ഭവനിൽ ഔപചാരിക സ്വീകരണം നൽകും. രാജ്ഘട്ടിൽ മഹാത്മാഗാന്ധിക്ക് അദ്ദേഹം ശ്രദ്ധാഞ്ജലി അർപ്പിക്കും. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ എന്നിവരുമായും മൊഹമ്മദ് മുയിസു കൂടിക്കാഴ്ച നടത്തും. നാളെ ആഗ്രയും മുംബൈയും സന്ദർശിക്കുന്ന മാൽദീവ്സ് പ്രസിഡന്റ് ബുധനാഴ്ച ബെംഗളുരുവിലെത്തും.

*********************************

## J-K COUNTING

ജമ്മു കശ്മീർ, ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ നാളെ. എല്ലാ വോട്ടെണ്ണൽ കേന്ദ്രങ്ങളിലും ശക്തമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തി. ജമ്മു കശ്മീരിൽ സെപ്തംബർ 18, 25 ഒക്ടോബർ ഒന്ന് തീയതികളിൽ മൂന്നു ഘട്ടങ്ങളിലായാണ് വോട്ടെടുപ്പ് നടന്നത്. ഹരിയാനയിൽ ഒറ്റ ഘട്ടമായാണ് വോട്ടെടുപ്പ്

നടന്നത്. റൗണ്ട് തിരിച്ചുള്ള വോട്ടെണ്ണലിനായി ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ ക്രമീകരിക്കുന്നതുൾപ്പെടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*********************************

## REV AMIT SHAH-MEETING

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് നക്സൽ ബാധിത സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ യോഗം ചേർന്ന് സ്ഥിതിഗതികൾ അവലോകനം ചെയ്യും. ന്യൂഡൽഹിയിൽ നടക്കുന്ന യോഗത്തിൽ ആന്ധ്രാപ്രദേശ്, ബിഹാർ, ഛത്തീസ്ഗഢ്, ഝാർഖണ്ഡ്, തെലങ്കാന, ഒഡിഷ, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ പങ്കെടുക്കും. ദേശീയ സുരക്ഷാ ഉപദേഷ്ടാവിന്റെ പ്രതിനിധിയും കേന്ദ്ര സായുധ പൊലീസ് സേനയുടെയും വിവിധ കേന്ദ്ര-സംസ്ഥാന വകുപ്പുകളിലെയും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ സന്നിഹിതരായിരിക്കും.

*********************************

## 100 DAYS JITENDRA SINGH

ബഹിരാകാശ സ്റ്റാർട്ടപ്പുകൾ തുങ്ങുന്നതിനായി ആയിരം കോടി രൂപ നീക്കിവച്ചതായി കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ മൂന്നാം തവണയും ഭരണത്തിലെത്തി 100 ദിവസം പിന്നിടുന്നതിനിടെ രാജ്യത്തുണ്ടായ മുന്നേറ്റങ്ങളെ കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ രാജ്യത്തെ ബഹിരാകാശ സ്റ്റാർട്ടപ്പുകളുടെ എണ്ണം 1.5 ലക്ഷത്തിലേറെയായി ഉയർന്നു. ബഹിരാകാശ മേഖലയിൽ നൂറ് ശതമാനം നേരിട്ടുള്ള വിദേശ നിക്ഷേപം അനുവദിച്ചത് പുതിയ സംരംഭകർക്ക് വലിയ പ്രോത്സാഹനമായതായും ശ്രീ ജിതേന്ദ്ര സിങ് കൂട്ടിച്ചേർത്തു.

*********************************

## NIYAMASABHA....INTRO

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം ഇന്ന് തുടരും. രാവിലെ ചോദ്യോത്തര വേളയ്ക്ക് ശേഷം ശ്രദ്ധക്ഷണിക്കൽ, വിവിധ റിപ്പോർട്ടുകളുടെ സമർപ്പണം, ബിൽ അവതരണം എന്നിവയാണ് സഭയിലെ ഇന്നത്തെ നടപടി ക്രമങ്ങൾ. 2024 ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ ഭേദഗതി ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കും. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...........**

(വോയ്സ്)

*********************************************

## M R AJITHKUMAR- TRANSFER

കേരളത്തിൽ, എഡിജിപി എം ആർ അജിത് കുമാറിനെ ക്രമസമാധാന ചുമതലയിൽ നിന്ന് സായുധ പോലീസ് ബറ്റാലിയനിലേക്ക് മാറ്റി. ഇന്റലിജൻസ് എഡിജിപി മനോജ് എബ്രഹാമിനെ ക്രമസമാധാന ചുമതലയുള്ള എഡിജിപി ആയി നിയമിച്ചു. നേരത്തെ എഡിജിപി എം ആർ അജിത് കുമാറിനെതിരെ ഉയർന്ന ആരോപണങ്ങളിൽ സംസ്ഥാന പോലീസ് മേധാവിയും പൊലീസ് മേധാവിയുടെ നേതൃത്വത്തിലുള്ള പ്രത്യേകസംഘവും അന്വേഷിച്ച റിപ്പോർട്ടുകൾ മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു.

*********************************************

## PSC-RELEASE

PSC ചോദ്യപേപ്പർ തലേ ദിവസം വെബ്സൈറ്റിൽ വന്നതായുള്ള വാർത്ത വസ്തുതാവിരുദ്ധമെന്ന് കേരള PSC. ഒക്ടോബർ 5 ന് നടന്ന പരീക്ഷയുടെ ചോദ്യപേപ്പറും താൽക്കാലിക ഉത്തരസൂചികയും പരീക്ഷാ നടപടികൾ പൂർത്തികരിച്ചതിനു ശേഷമാണ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്. വസ്തുതകൾ അന്വേഷിക്കാതെ

വാർത്ത നൽകിയത് ഗൗരവമായാണ് കമ്മീഷൻ കാണുന്നതെന്നും PSC വ്യക്തമാക്കി.

***********************************

## FOREIGN INVESTORS

ഇന്ത്യൻ ഓഹരി വിപണികളിലെ വിദേശ നിക്ഷേപം 57,000 കോടി രൂപ പിന്നിട്ടു. നിക്ഷേപ വിവരക്കണക്ക് അനുസരിച്ച് കഴിഞ്ഞ സെപ്റ്റംബറിൽ, 57,724 കോടി രൂപയാണ് ലഭിച്ചത്. കഴിഞ്ഞ ഒൻപത് മാസത്തിനിടയിലെ ഏറ്റവും ഉയർന്ന നിക്ഷേപമാണിത്. ഇന്ത്യൻ മൂലധന വിപണികളിലേക്കുള്ള മൊത്തം അറ്റ നിക്ഷേപം 59,023 കോടി രൂപയായും ഉയർന്നിട്ടുണ്ട്.

***********************************

## NARCOTICS CONTROL BUREAU,

മധ്യപ്രദേശിലെ ഭോപ്പാലിൽ നിന്ന് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ 1,800 കോടിയിലധികം രൂപയുടെ മയക്കുമരുന്ന് പിടികൂടി. ഗുജറാത്ത് തീവ്രവാദ വിരുദ്ധ സ്ക്വാഡുമായി ചേർന്ന് നടത്തിയ തിരച്ചിലിൽ രണ്ട് പേർ അറസ്റ്റിലായി. ഭോപ്പാലിനടുത്തുള്ള ബഗ്രോദ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറിയിൽ നിന്നാണ് മയക്കുമരുന്ന് കണ്ടെടുത്തത്.

***********************************

## RBI – MPC

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ധനനയ സമിതിയുടെ മൂന്ന് ദിവസത്തെ യോഗത്തിന് ഇന്ന് തുടക്കമാകും. സമിതി പുനസംഘടിപ്പിച്ച ശേഷമുള്ള ആദ്യയോഗമാണിത്. ഭക്ഷ്യ വിലക്കയറ്റം, സാമ്പത്തിക വളർച്ച തുടങ്ങിയ വിഷയങ്ങളാണ് ആർബിഐക്ക് മുന്നിലുള്ളത്. അതേസമയം, പ്രധാന പലിശ നിരക്കുകളിൽ ആർബിഐ നിലവിലെ സ്ഥിതി തുടരാൻ സാധ്യതയുണ്ടെന്ന് സാമ്പത്തിക വിദഗ്ദ്ധർ വിലയിരുത്തി.

*********************************

## JAISANKAR ( INTRO..)

നിർമിത ബുദ്ധി, ആഗോളക്രമത്തിലെ ഏറ്റവും സുപ്രധാന ഘടകമാകുകയാണെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. നിർമിത ബുദ്ധിയിൽ കരുത്താർജിക്കുന്ന രാജ്യങ്ങൾ ആഗോളതലത്തിൽ ശക്തരാകുമെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ മൂന്നാമത് കൗടില്യ സാമ്പത്തിക സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്ത് നടക്കുന്ന പല വിഷയങ്ങളും പ്രാദേശികമായി മാത്രം പരിഹരിക്കാൻ കഴിയാത്ത തലത്തിലേക്ക് ആഗോളവത്കരണം ശക്തി പ്രാപിച്ചതായി ശ്രീ ജയശങ്കർ അഭിപ്രായപ്പെട്ടു.

( വോയിസ് )

*********************************

## ISRAEL ALERT

ഗസയിൽ നിന്ന് ഹമാസിന്റെ ആക്രമണത്തിനുള്ള സാധ്യത മുന്നിർത്തി പ്രതിരോധം ശക്തമാക്കി ഇസ്രായേൽ. ഗസയ്ക്ക് സമീപം കൂടുതൽ സൈനികരെ വിന്യസിച്ചു. ഇസ്രയേൽ-ഹമാസ് സംഘർഷം ആരംഭിച്ച് ഒരു വർഷം പിന്നിടുന്ന വേളയിലാണ് നടപടി. വടക്കൻ അതിർത്തിയിൽ നിലയുറപ്പിച്ചിരിക്കുന്ന സൈനികരെ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു സന്ദർശിച്ചു. അതിനിടെ ലെബനനിൽ നിന്ന് ഇസ്രായേലി പ്രദേശത്തേക്ക് റോക്കറ്റുകൾ വിക്ഷേപിച്ചതോടെ ഹിസ്ബുള്ളയുമായുള്ള സംഘർഷവും രൂക്ഷമായി.

*********************************

## PROTESTS ISRAEL GAZA WAR

ഗസയിലും മിഡിൽ ഈസ്റ്റ് മേഖലകളിലും തുടരുന്ന സംഘർഷങ്ങൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ രാജ്യങ്ങളിലെ പ്രധാനഗരങ്ങളിൽ പ്രതിഷേധ റാലികൾ സംഘടിപ്പിച്ചു. പാരീസ്,

റോം, മനില, കേപ് ടൗൺ, ന്യൂയോർക്ക് സിറ്റി തുടങ്ങിയ ഇടങ്ങളിലാണ് പ്രതിഷേധങ്ങൾ അരങ്ങേറിയത്. ഇസ്രായേലിനെ അനുകൂലിച്ചും വിവിധയിടങ്ങളിൽ പ്രതിഷേധങ്ങൾ നടന്നു. 2023 ഒക്ടോബർ 7നാണ് ഇസ്രായേൽ - ഹമാസ് സംഘർഷത്തിന് തുടക്കമായത്.

*********************************

## MENS CRICKET

ബംഗ്ലാദേശിനെതിരായ പുരുഷ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് ഏഴ് വിക്കറ്റ് ജയം. ഗ്വാളിയോറിൽ നടന്ന മത്സരത്തിൽ ബംഗ്ലാദേശ് ഉയർത്തിയ 128 റൺസ് വിജയലക്ഷ്യം, ഇന്ത്യ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ അനായാസം മറികടക്കുകയായിരുന്നു. ഇതോടെ മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 1-0ന് മുന്നിലായി. പരമ്പരയിലെ രണ്ടാം മത്സരം ബുധനാഴ്ച രാത്രി 7 മണിക്ക് ഡൽഹിയിൽ നടക്കും.

*********************************

## WOMENS WORLD CUP

ട്വന്റി- 20 വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഇംഗ്ലണ്ട് - ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യ 6 വിക്കറ്റിന് വിജയിച്ചു. ഇന്ത്യക്കായി മലയാളി താരം ആശ ശോഭന ഒരു വിക്കറ്റെടുത്തു.

*********************************

## RAIN KERALA

കേരളത്തിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരത്ത് ഇന്ന് ഓറഞ്ച് ജാഗ്രതയും ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിനും വിലക്കുണ്ട്.

*********************************

## MEGHALAYA-FLOOD

മേഘാലയയിൽ കനത്ത മഴയെത്തുടർന്നുണ്ടായ മണ്ണിടിച്ചിലിൽ പത്തോളം പേർ മരിച്ചു. ദാലു, ഗാസുവ പര മേഖലകളിലാണ് മഴക്കെടുതി ഏറ്റവും അധികം നാശം വിതച്ചത്. വിവിധയിടങ്ങളിൽ റോഡുകളും പാലങ്ങളും തകർന്ന് ഗതാഗതം തടസപ്പെട്ടു. പ്രളയബാധിത പ്രദേശങ്ങളിൽ, ദേശീയ- സംസ്ഥാന ദുരന്ത നിവാരണസേനകളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. മുഖ്യമന്ത്രി കോൺറാഡ് സാങ്മ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

****************************************************************************************************

**********